ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ

36 (1944) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗ്രാമവികസന വകുപ്പിൽ ഇപ്പോൾ എത്ര ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർമാരുടെ തസ്തികകൾ ഒഴിവുണ്ട് ;

(ബി) ഒഴിവുള്ള തസ്തികകൾ നികത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 21 തസ്തികകൾ.

(ബി) കഴിവതും പെട്ടെന്ന് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തൊഴിലുറപ്പ് പദ്ധതി

37 (1945) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചശേഷം ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് ഓരോ സാമ്പത്തികവർഷവും ഈ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കാൻ അംഗീകരിച്ച വിവിധ വർക്കുകളുടെ പേര് വിവരങ്ങളും എസ്റ്റിമേറ്റുകളും ലഭ്യമാക്കാമോ ;

(ബി) ഇപ്രകാരമുള്ള ഓരോ വർക്കിനും ഇതുവരെ അനുവദിച്ച തുകകൾ എത്രവീതമെന്ന് അറിയിക്കുമോ ;

(സി) ഇവയിൽ പൂർത്തിയായ വർക്കുകൾ എത്ര ; പണി ആരംഭിച്ച വർക്കുകൾ എത്ര ; പണി തുടങ്ങാത്ത വർക്കുകൾ ഏതൊക്കെ ; വിശദീകരിക്കുമോ ?

ഉത്തരം

(എ & ബി) ഇതോടൊപ്പം ചേർത്തിരിക്കുന്ന അനുബന്ധത്തിലെ* കോളം 'ബി'യിൽ ഓരോ സാമ്പത്തികവർഷവും ഇ. എ. എസ്. പദ്ധതിയിൻ കീഴിൽ നടപ്പിലാക്കാനംഗീകരിച്ച വർക്കുകളുടെ പേരുവിവരങ്ങളും, കോളം 'സി'യിൽ എസ്റ്റിമേറ്റ് തുകയും കോളം 'ഇ'യിൽ ഓരോ വർക്കിനും അനുവദിച്ച തുകയും രേഖപ്പെടുത്തിയിട്ടുണ്ട്.

(സി)

വർഷം	പണി ആരംഭിച്ച വർക്കുകളുടെ എണ്ണം	പൂർത്തിയായ വർക്കുകളുടെ എണ്ണം.
1996-97	25	22
1997-98	12	8
1998-99	26	-
ആകെ	63	30

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങാത്ത വർക്കുകൾ

1. കിണർ മുക്ക് - വെട്ടികുളങ്ങര റോഡ് മുതുകുളം പഞ്ചായത്ത് (97-98)
2. ഏവൂർക്ഷേത്രം മുതൽ റയിൽവെ ക്രോസ്വരെയുള്ള തോടിന്റെ സൈഡ് വാൾ (1997-1998)
3. മുത്തിനിതാഴെ സ്ലൂയിസ്-കം-കൾവർട്ട് നിർമ്മാണം-കൃഷ്ണപുരം പഞ്ചായത്ത് (1998-1999).

എക്സ്റ്റൻഷൻ ഓഫീസർ (പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ്)

38 (1946) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിലെ എക്സ്റ്റൻഷൻ ഓഫീസർ (പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ്) തസ്തിക റിസർച്ച് അസിസ്റ്റന്റ് ആയി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത നടപടിക്ക് ഗ്രാമവികസന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ തടസ്സം നില്ക്കുന്നതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അപ്ഗ്രേഡ് ചെയ്യുന്ന നടപടി എന്നത്തേയ്ക്ക് പൂർത്തിയാകും ?

ഉത്തരം

(എ) സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) ഇല്ല.

(സി) വിവിധ വകുപ്പുകളുമായി കൂടിയാലോചിച്ചതിനുശേഷം മാത്രമേ പോസ്റ്റുകൾ അപ്ഗ്രേഡ് ചെയ്യുവാൻ ഉള്ള നടപടികൾ പൂർത്തീകരിക്കുവാൻ നിർവാഹമുള്ളൂ.

വായ്പയുടെ ടാർജറ്റ് പൂർത്തിയാക്കാത്ത ബാങ്കുകൾ

39 (1947) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ആർ. ഡി. പി. പദ്ധതി പ്രകാരം 1998-1999-ൽ ഓരോ ബാങ്കിനും നിശ്ചയിച്ചിട്ടുള്ള വായ്പയുടെ ടാർജറ്റ് പൂർത്തിയാക്കാത്ത ബാങ്കുകൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത വർഷത്തിൽ ഓരോ ബാങ്കിലും നിശ്ചയിച്ച ടാർജറ്റും അവർ നൽകിയ ബാങ്ക് വായ്പയും എത്രയാണെന്ന് വിശദീകരിക്കുമോ ;

(സി) ടാർജറ്റ് പൂർത്തിയാക്കാത്ത ബാങ്കുകൾക്ക് ടാർജറ്റ് അനുസരിച്ചുള്ള ബാങ്ക് വായ്പ നൽകുന്നതിന് കർശനമായ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly